# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 12, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**38 (*271) സഹകരണബാങ്കുകൾ നേരിടുന്ന പ്രതിസന്ധി**

സഹകരണ വകുപ്പു മന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേന്ദ്രനിയമ ഭേദഗതിയുടെ ഫലമായി സംസ്ഥാനത്തെ സഹകരണബാങ്കുകൾ നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിനും ഇളവ് ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ച് കിട്ടുന്നതിനും നടപടി സ്വീകരിച്ചി ട്ടുണ്ടെന്നും കുടിശ്ശിക/കിട്ടാക്കടം പിരിച്ചെടുക്കുന്നതിന് പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. 2010-ലെ പ്രത്യക്ഷ നികുതി ബില്ലിലേയും 2011-ലെ ബാങ്കിംഗ് നിയമ (ഭേദഗതി) ബില്ലിലേയും നിർദ്ദേശങ്ങൾ, 1994-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരമുള്ള സേവന നികുതി, ഫണ്ട് മാനേജ്മെന്റിലെ അപര്യാപ്തത, കാർഷിക വായ്പാ വിതരണത്തിന് നബാർഡ് പുനർവായ്പ ലഭ്യമാ ക്കാത്തതും കേന്ദ്ര സർക്കാരിന്റെ പദ്ധതികളിലും ഇളവുകളിലും സഹകരണ ബാങ്കുകളെ ഒഴിവാക്കുന്നതുമായ സാഹചര്യം, പ്രാഥമിക സഹകരണ ബാങ്കു

കളിൽ ആദായ നികുതിവകുപ്പിന്റെ ഇടപെടൽ, ചെക്ക് ക്ലിയറിംഗിന് പ്രാഥമിക സഹകരണ സംഘങ്ങളുടേയും ബാങ്കുകളുടേയും മേലുള്ള റിസർവ്വ് ബാങ്കിന്റെ നിയന്ത്രണം, സർക്കാരിന്റേയും കടാശ്വാസ കമ്മീഷന്റേയും ഉത്തര വുകളും പദ്ധതികളും ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ സഹകരണ ബാങ്കു കൾക്കുണ്ടാകുന്ന ബാദ്ധ്യത, വർദ്ധിച്ചുവരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവ്, നിഷ്ക്രിയ ആസ്തിയിലെ വർദ്ധനവ്, വായ്പ തിരിച്ചടയ്ക്കേണ്ടതില്ലെന്ന കാ മ്പയിൻ, സ്വകാര്യ-വാണിജ്യ ബാങ്കുകൾ ഉയർത്തുന്ന വെല്ലുവിളി, സഹകരണ മേഖലയിലെ പ്രൊഫഷണൽവത്ക്കരണത്തിലുള്ള പോരായ്മകൾ, കേന്ദ്ര പാക്കേജ് നടപ്പാക്കാൻ കഴിയാത്ത സാഹചര്യം എന്നിവമൂലം സഹകരണ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തു ന്നതിനും പാർലമെന്റിൽ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർക്കും എം.പി. മാർക്കും കത്തുകളയച്ചിട്ടുണ്ട്. ഈ മേഖലയിൽ കമ്പ്യൂട്ടർവത്ക്കരണം ത്വരിതപ്പെടുത്തുന്നതിനും പ്രൊഫഷണലിസം മെച്ചപ്പെ ടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വായ്പ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കുന്നതു സംബന്ധിച്ചും വായ്പയെടുക്കുന്നയാൾ മരണ പ്പെട്ടാൽ വായ്പത്തുകയിൽ ഇളവ് നൽകുന്നതു സംബന്ധിച്ചും പരിശോധി ക്കുന്നതാണ് വിദ്യാഭ്യാസ വായ്പകൾക്ക് സബ്സിഡി നൽകാത്ത സഹകരണ ബാങ്കുകൾക്കെതിരെ നടപടിയെടുക്കുന്നതാണ്.. ജില്ലാതല ബാങ്കിംഗ് റിവ്യൂ മീറ്റിംഗിൽ സഹകരണ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും അർബൻ ബാങ്കുകൾക്കുകൂടി നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി. സഹകരണമേഖലയിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് നടപടിയെടുക്കുന്നതാണ്. ജില്ലാ ബാങ്കുകൾവഴി നേരിട്ട് കാർഷിക വായ്പ നൽകുന്നതിനുള്ള

നബാർഡിന്റെ പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയില്ലെന്നും സഹകരണ മേഖലയിലെ ബാങ്കുകളെ പിരിച്ചുവിടുക എന്നുള്ളത് സർക്കാരിന്റെ നയമല്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**39 (*272) <u>കാർഷിക പാക്കേജ്</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, വിദർഭ മാതൃകയിലുള്ള കാർഷിക പാക്കേജിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാർ 2008 നവംബർ 20-ന് അംഗീകരിച്ച ഇടുക്കി പാക്കേജിന്റെ ഭാഗമായി കമ്മോഡിറ്റി ബോർഡ്, ഗ്രാമ/ഹോർട്ടിക്കൾച്ചർ വികസനം, മണ്ണ്/മൃഗ സംരക്ഷണം, ജലസേചനം, വനം, കൃഷി, മത്സ്യബന്ധനം എന്നീ മേഖലകളുടെ വികസനത്തിനായി 397 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചതിൽ 234 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചതിൽ 103.76 കോടി രൂപ അനുവദിക്കുകയും 65.45 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഈ പാക്കേജിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതാണ്. ഗ്രാമീണ ഗതാഗതം, നീർമറി വികസനം, ചെക്ക് ഡാമുകൾ, തോട്ടവിളകൾ, ഹോർട്ടിക്കൾച്ചർ വികസനം, മൃഗസംരക്ഷണം, മത്സ്യക്കൃഷി മുതലായ മേഖലകളിലെ കാർഷിക പാക്കേജിന് അധിക കേന്ദ്രസഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ രാസവളങ്ങളുടെ വില വർദ്ധനവ് കണക്കിലെടുത്ത് വിദർഭ പാക്കേജിന്റെ ഭാഗമായി കൂടുതൽ ഫണ്ട് അനുവദിക്കണമെന്നും നിലവിലുള്ള സബ്സിഡി നയത്തിൽ മാറ്റം വരുത്തണമെന്നും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മുഴുവൻ ക്ഷീര കർഷകരെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര

സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**40 (*273) <u>മഹിളാ കിസാൻ ശാക്തീകരണ പദ്ധതി</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, വനിതാ കർഷകരെ ശാക്തീകരിച്ച് ഭക്ഷ്യപോഷക സുരക്ഷ ഉറപ്പുവരുത്തുക, തൊഴിലില്ലായ്മ പരിഹരിക്കുക, തരിശുനിലം കൃഷിയോഗ്യമാക്കുക എന്നിവ ലക്ഷ്യമാക്കിയാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (എൻ.ആർ.എൽ.എം) ഉപപദ്ധതിയായി കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി) ആവിഷ്കരിച്ചിട്ടുള്ളതെന്നും കുടുംബശ്രീ മുഖേനയാണ് ഇത് നടപ്പിലാക്കുന്നതെന്നും സഭയെ അറിയിച്ചു. കുടുംബശ്രീയുടെ സംഘകൃഷി പദ്ധതിയുമായി സംയോജിപ്പിച്ച് 1,50,000 കുടുംബശ്രീ വനിതാ കർഷകരടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് സാങ്കേതിക അറിവ് നൽകി 24,000 ഹെക്ടർ ഭൂമി കൃഷി ചെയ്യുന്നതിന് വിഭാവനം ചെയ്യുന്ന ഒരു പദ്ധതിയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 30,000 സ്ത്രീ കർഷകർക്ക്/സ്ത്രീകർഷകത്തൊഴിലാളികൾക്കും പരിശീലനം നൽകുന്ന ലേബർ ബാങ്ക് പദ്ധതിയുമാണ് ഇതിന്റെ ഭാഗമായി നടപ്പാക്കുന്നത്. സംഘകൃഷി പ്രോജക്ടിന്റെ അടങ്കൽ തുകയായ 79.9 കോടി രൂപയിൽ 36.145 കോടി രൂപ കേന്ദ്ര സർക്കാരിന്റെ എം.കെ.എസ്.പി ഫണ്ടിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്. ലേബർ ബാങ്ക് പ്രോജക്ടിന്റെ അടങ്കൽ തുകയായ 60.62 കോടി രൂപയിൽ 30.28 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. കൃഷി/പഞ്ചായത്ത് വകുപ്പുകൾ സംയോജിച്ചുകൊണ്ടാണ് ഈ പദ്ധതികൾ

നടപ്പാക്കുന്നതെന്നും എൻ.ജി.ഒ.കളേയും സ്വയം സഹായ സംഘങ്ങളേയും പുരുഷന്മാരേയും ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്ന താണെന്നും ലേബർ ബാങ്ക് പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ആറളം ഫാമിലെ തരിശ് ഭൂമി കൃഷിയുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**41 (*274) <u>അവശകലാകാര പെൻഷൻ</u>**

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) നൽകിയ മറുപടിയിൽ, ഇപ്പോൾ 1760 പേർക്ക് 550 രൂപ വീതം അവശകലാകാര പെൻഷൻ നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിവിധ അക്കാഡമികൾ പരിശോധിച്ച് ശുപാർശ ചെയ്തതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ 716 അപേക്ഷകളിന്മേൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പെൻഷൻ അനുവദിക്കുന്നതാണ്. നിലവിലുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്. 'അവശകലാകാര പെൻഷൻ' എന്നുള്ളത് 'കലാകാര പെൻഷൻ' എന്നാക്കി മാറ്റാൻ നടപടി സ്വീകരിക്കുന്നതാണ്. പ്രതിമാസം 1500 രൂപയിൽ കവിയാത്ത വരുമാനമുള്ള 50 വയസ്സിന് മുകളിൽ പ്രായമുള്ള അവശകലാകാരന്മാർക്ക് പെൻഷനു പുറമേ ചികിത്സാ സഹായം ഗവൺമെന്റ് ഫണ്ടിൽ നിന്ന് കൊടുക്കുന്നുണ്ടെന്നും 10,000 രൂപവരെ അടിയന്തിര സഹായം നൽകുന്നതിന് വ്യവസ്ഥയുണ്ടെന്നും ഇതിനോടകം 15 പേർക്ക് 2.25

ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും സാംസ്ക്കാരിക സമിതികൾ എത്രയും വേഗം രൂപീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സിനിമ ടിക്കറ്റിൽ നിന്ന് 3 രൂപയും കേബിൾ ടി.വി.യുടെ ഓരോ കണക്ഷനിൽ നിന്ന് 2 രൂപയും വീതം സമാഹരിച്ച് കലാകാരന്മാർക്ക് നല്ല ജീവിത സാഹചര്യവും ചികിത്സാ സഹായവും ലഭ്യമാക്കുന്ന തരത്തിൽ സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി നിയമം ഭേദഗതി വരുത്തി നടപ്പിലാക്കുമെന്ന് വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

**42 (*275) <u>നെല്ലുല്പാദന മേഖലയുടെ സമഗ്രവികസനം</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര/സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതികൾ, സുസ്ഥിര നെൽകൃഷി വികസന പദ്ധതി, മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, രജിസ്റ്റേർഡ് വിത്ത് ഉൽപ്പാദന പദ്ധതി, ചെറുകിട യന്ത്ര വിതരണ പദ്ധതി, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സമഗ്ര നെൽകൃഷി ഇൻഷ്വറൻസ് പദ്ധതി, കിസാൻ അഭിമാൻ പദ്ധതി, നെല്ലുസംഭരണം, ഉൽപ്പാദന ബോണസ്സ് എന്നിവ നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കര നെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതുഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിന വികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം എന്നിവയും സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശുനിലകൃഷി, നെൽക്കൃഷി വിളകൃഷി

യിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി, പുതിയ സാങ്കേതിക വിദ്യകൾ എന്നിവയുടെ ഡെമോൺസ്ട്രേഷൻ, ഉല്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യസംരക്ഷണ ഉപാധി കൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹി പ്പിക്കുന്നതിനായുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്ക്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം സുസ്ഥിര നെൽക്കൃഷിക്കും അടിസ്ഥാന സൗകര്യ വികസനത്തി നുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നെൽകർഷകർക്ക് വിത്ത്, വളം തുടങ്ങിയ സാങ്കേതിക സഹായങ്ങൾ കൃഷിഭവനുകൾ വഴി ലഭ്യ മാക്കുന്നു. ഓരോ വിളയ്ക്കും വേണ്ട പലിശരഹിതവായ്പാ സൗകര്യം സംസ്ഥാന സഹകരണ വകുപ്പ് വഴി നടപ്പിലാക്കുന്നു. കർഷകർക്ക് സഹായ നിരക്കിൽ ത്രഷർ, ഹാർവെസ്റ്റർ, മെതിയന്ത്രം, പമ്പ്സെറ്റ്, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവ നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷ ത്തേയ്ക്ക് സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിപ്രകാരം 150 ലക്ഷം രൂപയും സംസ്ഥാന പദ്ധതിപ്രകാരം 100 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 20 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്. തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സംസ്ഥാന വിത്ത് വികസന അതോറിറ്റി ഗുണമേന്മയുള്ള നെൽവിത്ത് വിതരണം നടത്തുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദി ച്ചുകിട്ടിയ രാസവളം അംഗീകൃത ഡിപ്പോകൾ വഴി കൃഷിവകുപ്പിന്റെ

മേൽനോട്ടത്തിൽ വിതരണം ചെയ്തുവരുന്നു. അർഹരായ മുഴുവൻ നെൽകർഷകർക്കും പലിശ രഹിത വായ്പ നൽകുന്നതിനും വായ്പകൾ തിരിച്ചടപ്പിക്കുന്നതിനും വീണ്ടും വായ്പ നൽകുന്നതിനും നടപടിയെടുക്കണമെന്ന് സംഘങ്ങൾ/ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി മോണിട്ടർ ചെയ്യുന്നതിന് സംഘം തലത്തിൽ കൃഷി ആഫീസർ, സംഘം/ബാങ്ക് ഭരണ സമിതി അംഗങ്ങൾ, സഹകരണസംഘം ഇൻസ്പെക്ടർ എന്നിവരടങ്ങിയ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകർഷകരെ സഹായിക്കാൻ താൽപര്യമുള്ള സഹകരണ സംഘങ്ങൾക്ക് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനും വിലയുടെ 20 ശതമാനമായ

പരമാവധി 4 ലക്ഷം രൂപ വരെ ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കേരള കാർഷിക സർവ്വകലാശാലകളിലും സി.പി.സി. ആർ.ഐ., സി.റ്റി.സി.ആർ.ഐ., സ്പൈസസ് ബോർഡ്, കാർഡമം ബോർഡ്, സെൻട്രൽ ഐ.പി.എം. സെന്റർ എന്നിവിടങ്ങളിലാണ് കാർഷിക ഗവേഷണങ്ങൾ നടത്തിവരുന്നത്. സംസ്ഥാനത്തെ സമഗ്ര കാർഷിക വികസനത്തിനും വളർച്ചയ്ക്കും സഹായകരമായ സാങ്കേതിക-വിദഗ്ദ്ധ ഉപദേശങ്ങൾ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളും കൃഷി വിജ്ഞാനകേന്ദ്രങ്ങളും മുഖേന നൽകി വരുന്നുണ്ട്. കുട്ടനാടൻ പ്രദേശത്ത് ഈ വിളക്കാലത്ത് 9206 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന കൃഷിയുടെ കൊയ്ത്ത് ആരംഭിക്കുകയും അതിലേയ്ക്കായി കൊയ്ത്ത് മെതിയന്ത്രങ്ങളും തൊഴിലാളികളേയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 3517 ഹെക്ടർ പ്രദേശത്തെ പുഞ്ചകൃഷിക്ക് പകരം കൃഷിയിറക്കുന്നതിന് വരൾച്ച

ദുരിതാശ്വാസ സഹായമായി 211.5 ടൺ നെൽവിത്തും 183.38 ലക്ഷം രൂപയും ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെന്നും 2011-12 വർഷം 2800 ഹെക്ടർ പ്രദേശത്ത് പുഞ്ചക്കൃഷിക്കുവേണ്ട എല്ലാ യന്ത്ര സാമഗ്രികളും യഥാസമയം കർഷകർക്ക് എത്തിക്കാനുള്ള പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2696 മുതൽ 2967 വരെയുള്ള ചോദ്യങ്ങളിൽ 90 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)